**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2890** **13-12-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ പിന്നോക്ക ആദിവാസി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി വകുപ്പ് നടപ്പിലാക്കുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; | (എ) | അട്ടപ്പാടി മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സഹകരണവകുപ്പ് മുഖേന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സൗജന്യമായി ലഭ്യമാക്കുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി 2021 ഫെബ്രുവരിയിൽ അവസാനിച്ചിട്ടുള്ളതാണ്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പരിശോധനയിൽ വിദഗ്ദ്ധ പരിശോധനയും ചികിത്സയും ആവശ്യമാണെന്നു കാണുന്നവർക്കാണ് പദ്ധതിയുടെ ഭാഗമായി ഇ.എം.എസ്. സഹകരണ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകിയിട്ടുള്ളത്.<br><br>രോഗികൾക്കു വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനു പുറമേ ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, 24 മണിക്കൂറും സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കുക, ഗർഭിണികളായ എല്ലാവരെയും രജിസ്റ്റർ ചെയ്ത് അവർക്ക് വിദഗ്ദ്ധമായ ഗർഭകാല – പ്രസവ – പ്രസവാനന്തര പരിചരണം ഉറപ്പു വരുത്തുക, കുട്ടികൾക്കും ഗർഭിണികൾക്കും ആഹാരവും, പോഷകങ്ങളും ലഭ്യമാക്കുക, കുട്ടികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തുക, രോഗ പ്രതിരോധത്തിനായി വാക്സിനേഷൻ ക്യാമ്പുകൾ നടത്തുക, പകർച്ച വ്യാധികളെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, ജനിതക രോഗങ്ങൾക്കു ചികിത്സ ലഭ്യമാക്കുക, ലഹരി മരുന്നുകളുടെ ദുരുപയോഗത്തിനെതിരെ ബോധ വത്ക്കരണ പരിപാടികൾ നടത്തുക, ലഹരി വിമോചന ചികിത്സ ലഭ്യമാക്കുക എന്നിങ്ങനെ ഗുണഭോക്താക്കളായ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനുതകുന്ന വിവിധ സേവനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുണ്ട് .<br><br>കേവലം ചികിത്സാ പദ്ധതി എന്നതിനപ്പുറം അട്ടപ്പാടിയിലെ പട്ടികജാതി – പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തെ നിർണ്ണയിക്കുന്ന വിവിധങ്ങളായ ഇടപെടലുകളാണ് പദ്ധതിയിലൂടെ നടത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എത്ര | (ബി) | പദ്ധതിയുടെ ഭാഗമായി 6924 പേർക്ക് ഇ.എം.എസ്. |

ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം നൽകിയിട്ടുണ്ട്. ഇതിൽ 3042 പേർക്ക് ഒ.പി. വിഭാഗത്തിലും, 2022 പേർക്ക് ഐ.പി. വിഭാഗത്തിലും 1860 പേർക്ക് പരിശോധനാ വിഭാഗത്തിലുമാണ് സേവനം ലഭിച്ചിട്ടുള്ളത്.

കൂടാതെ 4 മെഡിക്കൽ ക്യാമ്പുകളും, 8 ട്രെയിനിംഗ് പ്രോഗ്രാമുകളും , 25 അവയർനെസ് പ്രോഗ്രാമുകളും ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിൽ സംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കിടത്തിച്ചികിത്സ ലഭിച്ച രോഗികളുടെ വിവരം താഴെ ചേർക്കുന്നു:

| **ക്രമ നമ്പർ** | **ഇനം** | **രോഗികളുടെ എണ്ണം** |
|---|---|---|
| 1 | പീഡിയാട്രിക് | 267 |
| 2 | ജനറൽ സർജറി | 154 |
| 3 | നെഫ്രോളജി | 58 |
| 4 | ഓർത്തോപീഡിക് | 132 |
| 5 | കാർഡിയോളജി | 183 |
| 6 | ജനറൽ മെഡിസിൻ | 186 |
| 7 | പൾമണോളജി | 101 |
| 8 | ന്യൂറോളജി | 179 |
| 9 | ഒഫ്ത്താൽമോളജി | 41 |
| 10 | ഗ്യാസ്ട്രോ എന്ററോളജി | 84 |
| 11 | ന്യൂറോസർജറി | 188 |
| 12 | ഗൈനക്കോളജി | 311 |
| 13 | ഇ.എൻ.റ്റി. | 15 |
| 14 | യൂറോളജി | 25 |
| 15 | പീഡി. സർജറി | 16 |
| 16 | ഡെർമറ്റോളജി | 4 |
| 17 | പ്ലാസ്റ്റിക് സർജറി | 22 |
| 18 | കാർഡിയോ തൊറാസിക് | 13 |
| 19 | ഡെന്റൽ | 27 |
| 20 | സൈക്യാട്രി | 4 |
| 21 | ഓങ്കോളജി | 5 |
| 22 | കാഷ്വൽറ്റി | 3 |
| 23 | കോവിഡ് | 4 |
| **ആകെ** | | **2022** |

സെക്ഷൻ ഓഫീസർ